"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ശ്രീമതി ശ്യാമളാമ്മ, വിനോദ് ഭവൻ, കോമളം കുന്ന്, പുനലൂർ ന് പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതി പ്രകാരം ലഭിച്ച ഭവനനിർമ്മാണ ധനസഹായത്തിന്റെ പലിശ ഒടുക്കുന്നതിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2450/2024/LSGD തീയതി,തിരുവനന്തപുരം, 12-12-2024

---

പരാമർശം:-

1. ശ്രീമതി ശ്യാമളാമ്മ ബഹു. മുഖ്യമന്ത്രിയ്ക്ക സമർപ്പിച്ച G3231101663 ഡോക്കറ്റ് നമ്പർ പരാതി
2. ലൈഫ് മിഷൻ കൊല്ലം ജില്ലാ കോ-ഓർഡിനേറ്ററുടെ 13.03.2024 ലെ LF/KLM/790(A)/24 നമ്പർ കത്ത്
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15.04.2024 ലെ 304650/N/2024/KSHO നമ്പർ കത്ത്

**ഉത്തരവ്**

പുനലൂർ നഗരസഭയിലെ പി.എം.എ.വൈ.(നഗരം) ലൈഫ് പദ്ധതി ഗുണഭോക്താവായ ശ്രീമതി ശ്യാമളാമ്മ, വിനോദ് ഭവൻ, കോമളം കുന്ന്, പുനലൂർ എന്നവർ പി.എം.എ.വൈ.(നഗരം) ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ഒന്നാം ഗഡു 40,000/- രൂപ 2020-21 ൽ കൈപ്പറ്റുകയും ഫൗണ്ടേഷൻ നിർമ്മിക്കുകയും ചെയ്തുവെന്നും എന്നാൽ മഴകാരണം ഫൗണ്ടേഷന്റെ മുക്കാൽ ഭാഗം തകർന്നുവെന്നും സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിർമ്മാണം തുടരുന്നതിന് സാദ്ധ്യമല്ലെന്നും കൈപ്പറ്റിയ തുക തിരികെ അടയ്ക്കാൻ നിർവ്വാഹമില്ലെന്നും ആയതിനാൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും പരാമർശം 1 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

പ്രസ്തുത സ്ഥലപരിശോധന നടത്തിയതിൽ, ഫൗണ്ടേഷൻ ശക്തമായ മഴയിൽ ഒലിച്ചുപോയതായി ബോദ്ധ്യപ്പെട്ടു. ചെങ്കുത്തായ ഏകദേശം 40 അടി ഉയരമുള്ള സ്ഥലത്താണ് ഫൗണ്ടേഷൻ നിർമ്മിച്ചതായി കാണുന്നത്. 4 സെന്റ് വസ്തുവിലാണ് ഫൗണ്ടേഷൻ നിർമ്മിച്ചതായി പറയുന്നതെങ്കിലും 1.5 സെന്റ് സ്ഥലത്തെ മണ്ണും ഫൗണ്ടേഷൻ പാറയും മഴയിൽ ഒലിച്ച് അടുത്ത വീടിന്റെ വസ്തുവിലേയ്ക്ക് മറിഞ്ഞു വീണതിനാൽ ഒലിച്ചുപോയ മണ്ണും പാറയും മാറ്റുന്നതിന്

അപേക്ഷക കുടുംബശ്രീയിൽ നിന്ന് 40,000 രൂപ ലോൺ എടുത്താണ് മാറ്റിയതെന്നും ഇപ്പോഴും ഫൗണ്ടേഷൻ ഒലിച്ചുപോയതിന്റെ അവശിഷ്ടങ്ങൾ കാണാൻ കഴിയുന്നുണ്ടെന്നും ലൈഫ് മിഷൻ കൊല്ലം ജില്ലാ കോ-ഓർഡിനേറ്റർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ.(നഗരം) ലൈഫ് ഒന്നാം ഗഡു ഉപയോഗിച്ച് നിർമ്മിച്ച ഫൗണ്ടേഷൻ മഴയിൽ ഒലിച്ചുപോയ സാഹചര്യത്തിൽ വീണ്ടും അതേ സ്ഥലത്ത് ഭവനം നിർമ്മിക്കുന്നത് അപ്രായോഗികമായതിനാലും 68 വയസ്സുള്ള വിധവയായ ശ്രീമതി ശ്യാമളാമ്മ, വിനോദ്ഭവൻ, കോമളം കുന്ന്,പുനലൂർ എന്നവർക്ക് വാർദ്ധക്യസഹജമായ അസുഖങ്ങൾ ഉള്ളതിനാലും, ആദ്യ ഗഡുവായ 40,000/-രൂപ ഉപയോഗിച്ച് തുടർന്നും ഭവന നിർമ്മാണം നടത്താൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിലും ടിയാൾക്ക് 12% പലിശ ഒടുക്കുന്നതിൽ ഇളവ് നൽകിക്കൊണ്ട് കൈപറ്റിയ ധനസഹായം 40,000/- രൂപ മാത്രം തിരിച്ചടക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
സെക്രട്ടറി, പുനലൂർ നഗരസഭ
ശ്രീമതി ശ്യാമളാമ്മ, വിനോദ്ഭവൻ, കോമളം കുന്ന്,പുനലൂർ പി.ഒ.,PIN-691305
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 13-12-2024 10:31:02
സെക്ഷൻ ഓഫീസർ